(ഇ) വിവിധ വകുപ്പുകൾ മുഖാന്തിരം നടത്തുന്ന എല്ലാ ഭവനനിർമ്മാണ പദ്ധതികളും ഏകീകരിച്ച് റവന്യൂ വകുപ്പിന്റെ കീഴിൽ ആക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള ഭവന നിർമ്മാണപദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് മുതലായ മൂന്ന് പ്രമുഖ നഗരങ്ങളിൽ അധിവാസയോഗ്യവും ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗ്യവുമായ പ്ലോട്ടുകൾ ഗതാഗതം, ഡ്രെയിനേജ്, സാനിട്ടറി ചുറ്റുപാടുകൾ, കുടിനീർ മുതലായ സൗകര്യങ്ങളോടുകൂടി വിതരണം ചെയ്യുകയും ധാരാളം കുടുംബങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ചേരിനിർമ്മാർജ്ജനം നടത്തുകയും ചെയ്യുന്നതിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. 37,000 ഭവനനിർമ്മാണയോഗ്യമായ പ്ലോട്ടുകൾ വിതരണം ചെയ്യുകയും 20,000 കുടുംബങ്ങൾക്ക് ഉപയോഗ്യമായ രീതിയിൽ ചേരി നിർമ്മാർജ്ജനം നടത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. 50 കോടി രൂപ ലോകബാങ്കിൽനിന്നും 25 കോടി രൂപ ഹഡ്കോയിൽ നിന്നും പ്രതീക്ഷിക്കുന്നു. ബാക്കി 25 കോടി രൂപ സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കേണ്ടതാണ്. 10 വർഷംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രൊജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് അധികൃതരുമായി ചർച്ചകൾ നടത്തിയശേഷമേ ഇതിന്റെ വിശദാംശങ്ങൾ തീരുമാനിക്കുകയുള്ളു. പദ്ധതിക്ക് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ വായ്പ ലഭിക്കുകയുള്ളു.

(ഈ) വിവിധ വകുപ്പുകൾ മുഖാന്തിരം നടത്തുന്ന എല്ലാ ഭവനനിർമ്മാണപദ്ധതികളും ഏകോപിപ്പിച്ച് കൊണ്ടുപോകുന്നത് ഭവനനിർമ്മാണവകുപ്പാണ്. ഇത് റവന്യൂ വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ സാദ്ധ്യമല്ല.

പാലക്കാട് ജില്ലയിൽ വീടുകൾക്കുവേണ്ടി അപേക്ഷിച്ചിട്ടുള്ള സന്നദ്ധ സംഘടനകൾ

823 [1799] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധസംഘടനകൾ മുഖേനയുള്ള പുനരധിവാസ ഭവന പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ എത്ര സംഘടനകൾ വീടുകൾക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ട് ;

(ബി) വീടുകൾക്കുവേണ്ടി അപേക്ഷിച്ച സന്നദ്ധ സംഘടനകളുടെ പേരും, ഓരോ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന വീടുകളുടെ എണ്ണവും വ്യക്തമാക്കാമോ ;

(സി) ആലത്തൂർ താലൂക്കിൽ വീടിനുവേണ്ടി അപേക്ഷിച്ച സന്നദ്ധസംഘടനകളുടെ പേരും മേൽവിലാസവും ഓരോ സംഘടനകളുടെ നേതൃത്വത്തിലും വീട് അനുവദിച്ചവരുടെ പേരും വിലാസവും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി,) സന്നദ്ധസംഘടനകൾ മുഖേനയുള്ള പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം പാലക്കാട് ജില്ലയിൽ 81 സന്നദ്ധസംഘടനകൾ മുഖേന 4596 വ്യക്തികൾ വീടുകൾക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും പേരും മേൽവിലാസവും ശേഖരിച്ചുവരുന്നു.

ഭവനനിർമ്മാണ വായ്പ

824 [1800] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസിംഗ് ബോർഡിൽ 1985-86-ൽ ഭവനനിർമ്മാണ വായ്പക്കുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആകെ കിട്ടിയ അപേക്ഷ എത്രയാണ് ;

(സി) ലോൺ അനുവദിക്കാതെ എത്ര അപേക്ഷകൾ ശേഷിക്കുന്നുണ്ട് ;

(ഡി) കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ എത്രയും പെട്ടെന്ന് തീരുമാനം എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 12,529 അപേക്ഷകളാണ് ലഭിച്ചത്.

(സി) 12529 അപേക്ഷയിൽ 7256 അപേക്ഷകർക്ക് വായ്പ അനുവദിച്ചു. ശേഷിക്കുന്ന 5273 അപേക്ഷ വായ്പ അനുവദിക്കുന്നതിനുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) പരിശോധനയിലിരിക്കുന്ന ബാക്കി അപേക്ഷയിൻമേൽ ഈ സാമ്പത്തികവർഷത്തിൽ തന്നെ തീരുമാനമെടുക്കുന്നതാണ്.

ഹൗസിംഗ് ബോർഡിന്റെ കോളനികൾ

825 [1801] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ കീഴിൽ എത്ര ഹൗസിംഗ് കോളനികൾ ഉണ്ട് ?

ഉത്തരം

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ 72 ഹൗസിംഗ് കോളനികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly